'ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തസ്തികകൾ'

20 (1488) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തലത്തിൽ സംസ്ഥാനത്തുള്ള തസ്തികകളെത്രയാണ് ;

(ബി) ഇവയിൽ ഓരോയിനത്തിലുമുള്ള എക്സ്കേഡർ തസ്തികകൾ എത്ര ;

(സി) ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ സർവ്വീസുകളിൽപ്പെടുന്ന എത്രപേർ യഥാക്രമം പോലീസ് വകുപ്പിലോ, ഫോറസ്റ്റ് വകുപ്പിലോ അല്ലാതെ ജോലി ചെയ്യുന്നുണ്ട് ?

ഉത്തരം

(എ) സംസ്ഥാന കേഡറിൽ 178 ഐ.എ.എസ്. തസ്തികകളും 139 ഐ.പി.എസ്. തസ്തികകളും 94 ഐ.എഫ്.എസ്. തസ്തികകളുമാണ് നിലവിലുള്ളത്.

(ബി) ഇവയിൽ ഐ.എ.എസിൽ 36 എക്സ്കേഡർ തസ്തികകളും ഐ.പി.എസിൽ 11 എക്സ്കേഡർ തസ്തികകളും ഐ.എഫ്.എസിൽ 7 എക്സ്കേഡർ തസ്തികകളുമാണ് നിലവിലുള്ളത്.

(സി) ഐ.പി.എസിൽ 9-ഉം ഐ.എഫ്.എസിൽ 14-ഉം പേർ യഥാക്രമം പോലീസ് വകുപ്പിലോ, ഫോറസ്റ്റ് വകുപ്പിലോ അല്ലാതെ ജോലി ചെയ്യുന്നുണ്ട്.

ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റം നൽകുന്ന നടപടി

21 (1489) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ്-1 ആയി നിയമനം നൽകുന്നതിനുള്ള റൂൾസിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) കരട് ഭേദഗതി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) റൂൾസിൽ മാറ്റം വരുത്തി ഉത്തരവിറക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ് ; പ്രസ്തുത റൂൾസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ട് എത്ര കാലമായി എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റുൾപ്പെടെയുള്ള സമാന സ്ഥാപനങ്ങളിൽ ടൈപ്പിസ്റ്റ്/സി.എ.മാരെ നിലവിലുള്ള ചട്ടമനുസരിച്ച് അസിസ്റ്റന്റ് ട്രെയിനിമാരായി നിയമിക്കുന്നതിൽ വിമുഖത കാണിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; ട്രെയിനിമാരായി നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കാമോ ;

(ഇ) പല കാരണങ്ങൾ ഉന്നയിച്ച് ടൈപ്പിസ്റ്റ്/സി.എ. വിഭാഗത്തിന് കിട്ടേണ്ടുന്ന 15:1 എന്ന റേഷ്യോ പ്രകാരമുള്ള സെക്ഷൻ ഓഫീസർ തസ്തിക നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അർഹമായ ആനുകൂല്യം പ്രസ്തുത വിഭാഗത്തിന് സമയത്തിന് തന്നെ നൽകുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ ;

(എഫ്) 1:15 റേഷ്യോ പ്രകാരം നിലവിലുള്ള നിയമമനുസരിച്ച് ടൈപ്പിസ്റ്റ്/സി.എ. വിഭാഗത്തിൽ നിന്നും നിയമിക്കപ്പെടാവുന്ന സെക്ഷൻ ഓഫീസർമാരെ എന്തെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരംതാഴ്ത്താൻ നിയമമുണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ജി) പ്രായം, വിദ്യാഭ്യാസ യോഗ്യത നേടിയ തീയതി, മറ്റു കാരണങ്ങൾ എന്നിവയുടെ, അടിസ്ഥാനത്തിൽ പ്രസ്തുത എസ്.ഒ.മാരെ നിയമനം ലഭിച്ച് വർഷങ്ങൾക്കുശേഷം തരംതാഴ്ത്തി നിയമിക്കുന്ന നടപടി അവസാനിപ്പിക്കുവാൻ വ്യക്തമായ ഒരു ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയ്ക്ക് ശേഷം ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, നിയമ വകുപ്പ്, പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയവരുമായി ആലോചിച്ചു ഭേദഗതിക്കുള്ള നടപടികൾ എടുത്തുവരികയാണ്.

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടേണ്ടതിനാൽ ആണ് കാലതാമസം ഉണ്ടാകുന്നത്.

(ഡി) ടൈപ്പിസ്റ്റ്/സി.എ.മാരെ അസിസ്റ്റന്റ് ട്രെയിനിമാരായി നിയമിക്കുന്നതിൽ വിമുഖത കാണിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 17-6-1988-ലെ ജി.ഒ.(പി) 219/88/ജി.എ.ഡി., 5-6-1989-ലെ ജി.ഒ.(പി)138/89/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അവശ്യംവേണ്ട യോഗ്യതകളിൽ ഒന്നാണ് അസിസ്റ്റന്റായി ഒരു വർഷത്തെ പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയിരിക്കണമെന്നുള്ളത്. സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനത്തിന് മറ്റെല്ലാ വിധത്തിലും യോഗ്യത നേടിയിട്ടുള്ള ഒരു നിശ്ചിത എണ്ണം ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽപ്പെട്ടവരെ സിനീയോറിറ്റി അടിസ്ഥാനത്തിൽ അവർ അടുത്ത 5 വർഷങ്ങൾക്കുള്ളിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമിക്കപ്പെടാൻ സാദ്ധ്യതയുണ്ടെങ്കിൽ അസിസ്റ്റന്റ് ട്രെയിനിമാരായി നിയമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെക്ഷൻ ഓഫീസർ നിയമനത്തിൽ റേഷ്യോ കൃത്യമായി പാലിക്കുന്നുണ്ട്.

(എഫ്)&(ജി) ടൈപ്പിസ്റ്റ്, സി.എ. വിഭാഗത്തിൽനിന്ന് സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചവർ തമ്മിൽ ചില കേസുകൾ ഹൈക്കോടതി മുമ്പാകെയുണ്ട്. ടി കേസുകളിലെ കോടതി തീരുമാനമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സ്പോർട്സ് ക്വാട്ടപ്രകാരമുള്ള നിയമനത്തിന്റെ മാനദണ്ഡം

22 (1490) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ നിയമനങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ നിന്നുള്ള നിയമനത്തിന്റെ അനുപാതം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, നിലവിലുള്ള ശതമാനം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസ്തുത വർദ്ധനവ് ബാധകമാണോ ;

(ഡി) സ്പോർട്സ് ക്വാട്ട മുഖേനയുള്ള നിയമനത്തിന് സർക്കാർ സ്വീകരിക്കുന്ന മാനദണ്ഡം വിശദീകരിക്കുമോ ?

ഉത്തരം

(എ)&(ബി) സർക്കാർ നിയമനങ്ങളിൽ സ്പോർട്സ് ക്വാട്ടാ അനുവദിച്ചിട്ടില്ല. എന്നാൽ 11-1-1978-ലെ ജി.ഒ.(എം.എസ്)21/78/ജിഎഡി. ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തു പരീക്ഷ വഴിയും ഇന്റർവ്യൂ വഴിയും തെരഞ്ഞെടുപ്പ് നടത്തുന്ന ക്ലാസ് '4', ക്ലാസ് '3' തസ്തികകളിലേയ്ക്കുള്ള എഴുത്തു പരീക്ഷകൾക്കും ഇന്റർവ്യൂകൾക്കും കായിക താരങ്ങൾക്ക് 30 ശതമാനം വരെ അധികമാർക്ക് (എക്സ്ട്രാ മാർക്ക്) നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) പ്രഗൽഭ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം നൽകുന്ന പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ച് കായികതാരങ്ങളുടെ ഏറ്റവും മികച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിവർഷം തെരഞ്ഞെടുക്കുന്ന 20 പേരെ വിവിധ തസ്തികകളിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കുന്നു.

സ്പോർട്സ് ക്വാട്ടയിൽ ജോലി

23 (1491) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ എത്ര ശതമാനമാണ് സ്പോർട്സ് ക്വാട്ടയിൽ നികത്തുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly